പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**1521** **14.12.2012-** ൽ മറുപടിക്ക്

<u>പ്രവാസികളുടെ ആശ്രിതർക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. വി. ശശി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികളുടെ ആശ്രിതർക്കവേണ്ടി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു; ഇത് ഏത് ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്;<br><br>(ബി) മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്ക് എന്തെല്ലാം ക്ഷേമ പരിപാടികൾ ഏതെല്ലാം ഏജൻസികൾ വഴി നടപ്പാക്കുന്നുവെന്ന് വിശദമാക്കുമോ ? | (എ & ബി) പ്രവാസികളുടെ ആശ്രിതർക്ക് വേണ്ടി ചികിത്സാസഹായം, മരണാനന്തര സഹായം, വിവാഹധനസഹായം, ക്രച്ചസ്, കൃത്രിമകാൽ എന്നിവ വാങ്ങുന്നതിന് സാന്ത്വനം, ചെയർമാൻഫണ്ട് എന്നിവ വഴി ധനസഹായം നൽകിവരുന്നു. വിദേശത്ത് മരണമടഞ്ഞ നിർധനരായ പ്രവാസികളുടെ ആശ്രിതർക്ക് മൃതദേഹം കൊണ്ടുവരുന്നതിനായി സ്വയം ചെലവ് വഹിച്ചിട്ടുണ്ടെങ്കിൽ ആയത് നിബന്ധനകൾക്കനുസരിച്ച് തിരികെ നൽകുന്നതിനായി കാരുണ്യം എന്ന പദ്ധതി നിലവിലുണ്ട്. മേൽപറഞ്ഞ പദ്ധതികൾ നോർക്ക – റൂട്ട്സ് മുഖാന്തിരമാണ് നടപ്പിലാക്കിവരുന്നത്. പ്രവാസി ക്ഷേമ ബോർഡിൽ നിന്ന് അംഗത്വമെടുത്തിട്ടുള്ള പ്രവാസികളുടെ ആശ്രിതർക്ക് കുടുംബപെൻഷൻ, മരണാനന്തരസഹായം, ഇൻഷ്വറൻസ് പരിരക്ഷ, വിവാഹധനസഹായം, വിദ്യാഭ്യാസാനുകൂല്യം എന്നിവ നൽകാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ